## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.513** 08.08.2017-ൽ മറുപടിയ്ക്ക്

**<u>സംസ്ഥാനത്ത് അച്ചടിക്കുന്ന ലോട്ടറി ടിക്കറ്റുകളുടെ വിതരണം</u>**

| | ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അച്ചടിക്കുന്ന ലോട്ടറി ടിക്കറ്റ് സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും വിതരണത്തിനായി എത്തിക്കുന്നതിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണ്; | (എ) | ടിക്കറ്റുകൾ വിതരണം ചെയ്യേണ്ട ചുമതല ഭാഗ്യക്കുറി ടിക്കറ്റുകൾ അച്ചടിക്കുന്ന കെ.ബി.പി.എസ്. (കേരള ബുക്ക്സ് ആൻഡ് പബ്ലിക്കേഷൻസ് സൊസൈറ്റി), സി.ആപ്റ്റ് (സെൻറർ ഫോർ അഡ്വാൻസ്ഡ് പ്രിൻറിംഗ് ടെക്നോളജി) എന്നീ പ്രസ്സുകൾക്കാണ് നൽകിയിട്ടുള്ളത്. വിവിധ ജില്ലാ /സബ് ഭാഗ്യക്കുറി ഓഫീസുകളിലേക്കുള്ള ടിക്കറ്റുകൾ പ്രത്യേകം പായ്ക്ക് ചെയ്ത് ടി പ്രസ്സുകളിൽ നിന്നും ലഭ്യമാക്കുന്ന വാഹനങ്ങളിൽത്തന്നെ എല്ലാ ഓഫീസുകളിലേക്കും വിതരണം നടത്തുകയാണ് ചെയ്യുന്നത്. |
| (ബി) | വിതരണ ചുമതലയുള്ള വാഹനങ്ങളെ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡമെന്താണ് ; ഇത്തരത്തിൽ തെരഞ്ഞെടുത്ത ഏതെങ്കിലും വാഹനങ്ങളെ ഒഴിവാക്കി മറ്റ് വാഹനങ്ങൾക്ക് കരാർ നൽകിയിട്ടുണ്ടോ ; | (ബി) | ലോട്ടറി ടിക്കറ്റ് വിതരണത്തിനായി ഇ-ടെണ്ടർ വിളിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഏജൻസികളെയാണ് തെരഞ്ഞെടുക്കുന്നത്. പ്രസ്തുത വാഹനങ്ങളിൽ തന്നെയാണ് വിതരണം നടത്തിവരുന്നത്. |
| (സി) | ലോട്ടറി ടിക്കറ്റുകൾ എല്ലാ ജില്ലകളിലും എത്തിക്കുന്നതിന് കുറഞ്ഞ തുകയ്ക്ക് കരാർ നൽകിയ വാഹന ഏജൻസികളെ ഒഴിവാക്കി ഉയർന്ന തുകയ്ക്ക് വിതരണാവകാശം നൽകിയതു മൂലം നഷ്ടമുണ്ടായിട്ടുണ്ടോ ; എങ്കിൽ ആയതിനെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (സി) | കുറഞ്ഞ തുകയ്ക്ക് കരാർ നൽകിയ ഏജൻസികളെ തന്നെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് |

സെക്ഷൻ ഓഫീസർ.